**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2441 12.02.2020-ലെ മറുപടിയ്ക്ക്

**കായിക താരങ്ങൾക്ക് സർക്കാർ-പൊതുമേഖല സർവ്വീസിലേക്ക് നിയമനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ജോയി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കായിക താരങ്ങൾക്ക് സർക്കാർ-പൊതുമേഖല സർവ്വീസിലേക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി.കെ.രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.<br>ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങളുടെ നിയമനത്തിനായി ഉത്തരവായിട്ടുണ്ട്.<br>കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ.പി.കെ.യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.<br>2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനു വേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് ശ്രീ.ഷൈഭൻ.ഇ.ബിയ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.<br>35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കായിക താരങ്ങൾക്ക് നിയമനം നല്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ആനുപാതിക വങ്ക് പാലിച്ചുകൊണ്ടുള്ള നിയമനം പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇല്ലെങ്കിൽ ആയതു പ്രകാരമുള്ള നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ